**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2634** **12-10-2021 - ൽ മറുപടിയ്ക്ക്**

**മാർക്കറ്റിംഗ് സൊസൈറ്റികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | **Shri. V. N. Vasavan**<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ കർഷകരുൽപ്പാദിപ്പിക്കുന്ന കാർഷിക ഉല്പന്നങ്ങളുടെ വിപണനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി മാർക്കറ്റിംഗ് സൊസൈറ്റികൾക്ക് കൂടുതൽ സഹായമെത്തിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (എ) | സംസ്ഥാനത്തെ കർഷകരുൽപ്പാദിക്കുന്ന കാർഷിക ഉല്പന്നങ്ങളുടെ വിപണനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി മാർക്കറ്റിംഗ് സൊസൈറ്റി കൾക്ക് സഹായം നൽകുന്നതിലേയ്ക്ക് 2021-22 വർഷത്തെ ബഡ്ജറ്റിൽ ധനസഹായ തുക വകയിരുത്തിയിട്ടുള്ളതാണ്. ടി പദ്ധതി വിഭാവനം ചെയ്യുന്നത്, എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റി കളിലും കോർപ്പറേഷൻ കേന്ദ്രങ്ങളിലും വിളവെടുപ്പ് കാലയളവിൽ കർഷകരിൽ നിന്ന് കാർഷിക ഉൽപ്പന്നങ്ങൾ നേരിട്ട് സംഭരിക്കാനും സംസ്കരിച്ച വസ്തുക്കൾ വിപണികളിലൂടെ ലഭ്യമാക്കുന്നതിനു മാണ്. ടി ഉൽപ്പന്നങ്ങളുടെ വിപണന വുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പ്രമുഖ മാർക്കറ്റിംഗ് സംഘങ്ങളുടെയും മാർക്കറ്റ്ഫെഡിന്റേയും ഏകോപനത്തിലൂടെ നിർവഹിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിനായി 2021-22 ബഡ്ജറ്റിൽ 3 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ, കാർഷിക വിപണന മേഖല ശക്തിപ്പെടുത്തുന്നതിന് പ്രാഥമിക വിപണന സഹകരണ സംഘങ്ങൾക്ക് പ്രോജക്ട് റിപ്പോർട്ടിന്റെ 75 ശതമാനം പരമാവധി 25 ലക്ഷം രൂപ സബ്സിഡി, ഓഹരി, വായ്പാ എന്നിങ്ങനെ 20:25:30 എന്ന അനുപാതത്തിൽ ധനസഹായം നൽകുന്നതിനും, മാർക്കറ്റ്ഫെഡിന് വിപണനവുമായി ബന്ധപ്പെട്ട നവീകരണ പ്രവർത്തനങ്ങൾക്കുള്ള സഹായം നൽകുന്നതിനുമായി നൽകുന്നു. ഇതിനായി 2021-22 ബജറ്റിൽ 2.5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ബി) | മെച്ചപ്പെട്ട മാർക്കറ്റിംഗ് സൗകര്യങ്ങൾ ഒരുക്കിക്കൊണ്ട് ഇടനിലക്കാരില്ലാതെതന്നെ ഉല്പന്നങ്ങൾക്ക് ന്യായമായ വില ഉറപ്പാക്കുന്നതിന് സൊസൈറ്റികളെ പര്യാപ്തമാക്കുന്നതിനുതകുന്ന എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിക്കുക എന്ന് വ്യക്തമാക്കുമോ? | (ബി) | മെച്ചപ്പെട്ട മാർക്കറ്റിംഗ് സൗകര്യങ്ങൾ ഒരുക്കിക്കൊണ്ട് ഇടനിലക്കാരില്ലാതെ തന്നെ ഉല്പന്നങ്ങൾക്ക് ന്യായമായ വില ഉറപ്പാക്കുന്നതിന് സൊസൈറ്റികളെ പ്രാപ്തമാക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ ചുവടെ ചേർക്കുന്നു. 1. കേരളത്തിലെ 16-ഇനം കാർഷിക വിളകൾക്ക് |

അടിസ്ഥാന വില നിശ്ചയിച്ചുകൊണ്ടും പദ്ധതി നടത്തിപ്പ് രീതി നിശ്ചയിച്ചുകൊണ്ടും കൃഷി വകുപ്പ് പുറപ്പെടുവിച്ച 26.10.2020 ലെ ജി.ഒ.(എം.എസ്)80/2020/അഗ്രി നമ്പർ ഉത്തരവ് പ്രകാരവും സഹകരണ സംഘം രജിസ്ട്രാറുടെ 72/2020 നമ്പർ സർക്കുലർ നിർദ്ദേശങ്ങൾക്ക് വിധേയമായും സഹകരണ സംഘങ്ങൾ മുഖേന സംസ്ഥാന വ്യാപകമായി "കോപ്മാർട്ട്-വെജ്ഫ്രഷ്" (Coopmart VEGFresh) എന്ന പേരിൽ വെജിറ്റബിൾ ഔട്ട്-ലെറ്റുകൾ സ്ഥാപിച്ചുകൊണ്ട് പ്രാദേശിക കർഷക രിൽ നിന്നും പച്ചക്കറികൾ ശേഖരിച്ച് വിപണനം ചെയ്തുവരുന്നു. സംസ്ഥാനത്ത് ഇപ്രകാരം 217 Coopmart VEGFresh ഔട്ട്-ലെറ്റുകൾ ഇതിനകം ആരംഭിച്ചിട്ടുണ്ട്. 2.കേരളത്തിലെ സഹകരണ മേഖലയിലെ ഗുണനിലവാരമുള്ള ഉല്പന്നങ്ങൾ coopkerala എന്ന ഏകീകൃത സഹകരണ ബ്രാന്റിലൂടെ വിപണിയിൽ സജീവമാക്കുക എന്ന ലക്ഷ്യത്തോടെ "ബ്രാന്റിംഗ് & മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ്" എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി വിവിധ ജില്ലകളിൽ പൈലറ്റ് അടിസ്ഥാനത്തിൽ 13 സഹകരണ ഉൽപ്പന്ന വിപണന ശാലകളായ കോപ്മാർട്ടുകൾ (coopmart) ഇതിനകം ആരംഭിച്ചിട്ടുണ്ട്. 3. പച്ചക്കറി തുടങ്ങി കർഷകരുടെ ഉൽപ്പന്നങ്ങൾ, ഇടനിലക്കാരെ ഒഴിവാക്കി ഉപഭോക്താക്കൾക്ക് നേരിട്ട് കർഷകർ തന്നെ വില്പന നടത്തുന്നതിനായി കുറഞ്ഞ ഫീസ് ഈടാക്കി സ്റ്റാളുകൾ അനുവദിച്ചുകൊണ്ട് നാട്ടുചന്ത സംവിധാനം പൈലറ്റ് അടിസ്ഥാനത്തിൽ വയനാട് ജില്ലയിൽ കൽപ്പറ്റയിൽ നോർത്ത് മലബാർ ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് സപ്ലൈ ആന്റ് മാർക്കറ്റിംഗ് സൊസൈറ്റി നടപ്പിലാക്കിയിട്ടുണ്ട്. 4. "സുഭിക്ഷ കേരളം" പദ്ധതി പ്രവർത്തനങ്ങളുമായി സംയോജിപ്പിച്ച് പ്രമുഖ മാർക്കറ്റിംഗ് സഹകരണ സംഘങ്ങളുടേയും മാർക്കറ്റ് ഫെഡിന്റേയും ഏകോപനത്തിലൂടെ വിളവെടുപ്പ് കാലയളവിൽ കർഷകരിൽ നിന്നും കാർഷിക ഉൽപ്പന്നങ്ങൾ നേരിട്ട് സംഭരിക്കുക, അവ സംസ്കരിച്ച് വിപണികളിലൂടെ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ പുതിയ പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. അതിന്റെ ഭാഗമായി മികച്ച പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ ഉല്പാദനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തിവരുന്നു. ടി പദ്ധതിയുടെ നടത്തിപ്പിനായി 2021-22 വർഷം 300 ലക്ഷം രൂപയും, കാർഷിക വിപണന മേഖലയെ

| | | | |
|---|---|---|---|
| | | | ശക്തിപ്പെടുത്തുന്ന തിനായി 250 ലക്ഷം രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ